പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5257 — 06.02.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>" ജി. എസ്. ജയലാൽ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. കെ. അജിത് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ദൈനംദിനം എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട് ; ഇത് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലാണോ കുറവാണോ എന്ന് വ്യക്തമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി ഒരു ദിവസം 15,37,171 കി. മീറ്ററാണ് സർവ്വീസ് നടത്തുന്നത്. ഇത് മുൻ വർഷത്തെക്കാൾ കൂടുതലാണ്. |
| (ബി) | ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിൽ ഇറക്കി, പ്രതിവർഷം ആയിരം ബസ്സുകൾ നിരത്തിൽ ഇറക്കുമെന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) | 2011 (JnNURM – 71 ഉൾപ്പടെ) - 186<br>2012 (JnNURM – 29 ഉൾപ്പടെ) - 570<br>2013 (JnNURM – 8 ഉൾപ്പടെ) - 364<br>2014 - 1 ഉം<br>ബസുകളാണ് (ആകെ 1,121) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നിരത്തിലിറക്കിയിട്ടുള്ളത്. ആയിരം ബസ്സുകൾ നിരത്തിൽ ഇറക്കണമെന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല.<br>ഓരോ വർഷവും കെ.എസ്.ആർ. ടി.സി.യുടെ ആവശ്യകതയ്ക്കനുസരിച്ചുള്ള എണ്ണം ബസുകളാണ് നിരത്തിലിറക്കിവരുന്നത്. 1500 പുതിയ ഷാസികൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ദീർഘദൂര എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസുകളുടെ എണ്ണം കുറയ്ക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം കുറയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രവുമല്ല, സൗകര്യം കുറവുള്ള സൂപ്പർ എക്സ്പ്രസ് ബസ്സുകൾ മാറ്റി പുഷ്ബാക് സീറ്റോടുകൂടിയ സൂപ്പർ ഡീലക്സ് ബസ്സുകൾ നിരത്തിലിറക്കിക്കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ